**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2477** **27-02-2023 - ൽ മറുപടിയ്ക്ക്**

**വ്യവസായ നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ. പി. രാജീവ് (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വ്യവസായവൽക്കരണം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുള്ള വ്യവസായ നയം എന്തെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തിന്റെ വ്യവസായവത്കരണം ലക്ഷ്യമിട്ട് സർക്കാർ പുതിയ വ്യവസായ നയം (കരട്) തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിന് ഇണങ്ങുന്ന മേഖലകളിൽ വൻകിട നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാനും, സംസ്ഥാനത്തെ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള മാനവ വിഭവശേഷിയെ ശരിയാംവണ്ണം വിനിയോഗിക്കാൻ കഴിയുന്ന ആധുനിക സ്മാർട്ട് വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന നൽകുവാനും, അതിലൂടെ ത്വരിതഗതിയിലുള്ള സ്ഥായിയായ വ്യവസായവത്കരണം സാധ്യമാക്കാനും പുതിയ വ്യവസായ നയം ലക്ഷ്യമിടുന്നു.<br><br>നാലാം വ്യവസായ വിപ്ലവം തുറന്നു തരുന്ന വിപുലമായ സാധ്യതകളെ സമർത്ഥമായി വിനിയോഗിക്കുന്നതിനുള്ള പ്രത്യേക കർമ്മപദ്ധതി ഈ നയം മുന്നോട്ട് വയ്ക്കുന്നു. അതിവേഗ വളർച്ചക്ക് സാധ്യതയുള്ള മുൻഗണനാ മേഖലകളിലെ സംരംഭങ്ങളെ കൂടുതൽ ആകർഷിക്കുന്നതിനും അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പുതിയ വ്യവസായ നയത്തിൽ വിവിധ സാമ്പത്തിക പ്രോത്സാഹനങ്ങൾ വിഭാവനം ചെയ്തിട്ടുണ്ട്.<br><br>ആധുനികവൽകരണം നടപ്പിലാക്കി, ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ച്, മത്സരക്ഷമവും ലാഭകരവുമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായി പൊതുമേഖലാ സ്ഥാപനങ്ങളെ മാറ്റുവാൻ വേണ്ട നടപടികൾക്കും പുതിയ വ്യവസായ നയം ഊന്നൽ നല്കുന്നു. തൊഴിൽ സംരക്ഷിച്ചുള്ള യന്ത്രവൽക്കരണം നടപ്പിലാക്കി, വിപണി ആവശ്യപ്പെടുന്ന ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ പരമ്പരാഗത വ്യവസായരംഗത്തെ പ്രാപ്തമാക്കാനും നയം ലക്ഷ്യംവെയ്ക്കുന്നു. |

| | | | |
|---|---|---|---|
| | | | പുതിയ വ്യവസായ നയത്തിൽ 22 മുൻഗണനാ മേഖലകൾ കണ്ടെത്തിയിട്ടുണ്ട്. അതിവേഗ വളർച്ചയും നിക്ഷേപ സാധ്യതയുമുള്ളതാണ പ്രസ്തുത മുൻഗണനാ മേഖലകൾ. എയ്റോസ്പേസ് & ഡിഫൻസ്; നിർമ്മിത ബുദ്ധി, റോബോട്ടിക്സ്, മറ്റ് ബ്രേക്ക്ത്രൂ സാങ്കേതിക വിദ്യകൾ; ആയുർവ്വേദം; ബയോടെക്നോളജി & ലൈഫ് സയൻസ്; രൂപകൽപ്പന; ഇലക്ട്രിക് വാഹനങ്ങൾ; ഇലക്ട്രോണിക് സിസ്റ്റം രൂപകൽപ്പനയും ഉൽപാദനവും; എഞ്ചിനീയറിങ് ഗവേഷണവും വികസനവും; ഭക്ഷ്യ സാങ്കേതികവിദ്യകൾ; ഗ്രാഫീൻ; ഹൈടെക് ഫാമിങ്ങും മൂല്യവർദ്ധിത തോട്ടവിളയും; ഉയർന്ന മൂല്യവർദ്ധിത റബ്ബർ ഉൽപ്പന്നങ്ങൾ; ലോജിസ്റ്റിക്ക്സ് & പാക്കേജിംഗ്; മാരിടൈം മേഖല; മെഡിക്കൽ ഉപകരണങ്ങൾ; നാനോടെക്നോളജി; ഫാർമസ്യൂട്ടിക്കൽസ്; റീസൈക്ലിങ്ങും മാലിന്യ സംസ്കരണവും; പുനരുപയോഗ ഊർജ്ജം; ചില്ലറ വ്യാപാര മേഖല; വിനോദസഞ്ചാരവും ആതിഥേയത്വവും; 3D പ്രിൻറിംഗ് എന്നിവയാണ് മേല്പറഞ്ഞ മുൻഗണനാ മേഖലകൾ. പ്രസ്തുത മേഖലകളിലൂന്നിയ വിവിധ തരം നിക്ഷേപ സൗഹാർദ്ദ നടപടികളും, പശ്ചാത്തല സൗകര്യങ്ങളും, ആനുകൂല്യങ്ങളും കരട് നയത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. |
| (ബി) | വൻകിട വ്യവസായ സംരംഭങ്ങൾക്കായി ഹെക്ടർ കണക്കിന് ഭൂമി ആവശ്യമുള്ളപ്പോൾ കേരളം പോലെ ജനസാന്ദ്രതയേറിയ ഒരു സംസ്ഥാനത്ത് എങ്ങനെ ഇത് സാധ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) | വിസ്തൃതിയിൽ ചെറുതും എന്നാൽ ജനസാന്ദ്രത കൂടിയതുമായ കേരള സംസ്ഥാനത്ത് വ്യവസായ മേഖല നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം വ്യവസായങ്ങൾക്ക് അനുയോജ്യമായ ഭൂമിയുടെ ദൗർലഭ്യമാണ്. ഈ കുറവ് പരിഹരിച്ച് വ്യവസായ വികസനത്തിന് കുതിപ്പ് നൽകുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഉടമസ്ഥതയിലുള്ള 40 വ്യവസായ പാർക്കുകളിൽ നിക്ഷേപകരെ ആകർഷിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ ജലം, റോഡ് ഗതാഗതം, വൈദ്യുതി, സുരക്ഷ ഉറപ്പാക്കുന്നതിനായി ചുറ്റുമതിൽ, ഗേറ്റ്, മാലിന്യ സംസ്കരണത്തിനായി CETP വൈദ്യുത തടസ്സം ഒഴിവാക്കുന്നതിനായി Power Feeder എന്നിവ സ്ഥാപിക്കുന്നു. വ്യവസായ പാർക്കുകളുടെ വികസനത്തിനായുള്ള അടിസ്ഥാന വികസന പ്രവർത്തനങ്ങൾ ഓരോ വർഷത്തെയും ബഡ്ജറ്റ് വിഹിതത്തിന്റെ അടിസ്ഥാനത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>ഇതിന് പുറമേ ബഹു നില വ്യവസായ സമുച്ചയങ്ങൾ, സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി -2022.എന്നിവയും നടപ്പാക്കി വരുന്നു. സ്വകാര്യ |

| | | | |
|---|---|---|---|
| | | | വ്യാവസായിക എസ്റ്റേറ്റിലെ റോഡുകൾ, വൈദ്യുതി, ജലവിതരണം എന്നിവ വികസിപ്പിക്കുന്നതിന് ഡെവലപ്പർക്ക് സർക്കാർ ധനസഹായം നൽകുന്നതാണ്. വൈദ്യുതി, ജലം റോഡ്, ഡ്രെയിനേജ്, ETP/CETP തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും ലബോറട്ടറി, ടെസ്റ്റിംഗ്, സർട്ടിഫിക്കേഷൻ തുടങ്ങിയ പൊതു സൗകര്യങ്ങളും ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾക്കായി ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപ വരെ ഒരു പ്രൈവറ്റ് ഇൻഡസ്ട്രീയൽ എസ്റ്റേറ്റിന് സർക്കാർ ധനസഹായം നൽകുന്നതാണ്. |
| (സി) | പാട്ടക്കാലാവധി പൂർത്തിയാക്കിയ തോട്ടങ്ങൾ സർക്കാർ ഏറ്റെടുത്ത് പുതിയ വ്യവസായ സംരംഭങ്ങൾക്കായി വിട്ടുനൽകുന്നതിനും ഇത്തരം സ്ഥലങ്ങളിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (സി) | വിഷയം സമഗ്രമായി പരിശോധിച്ചതിനുശേഷം മാത്രമെ അനുയോജ്യമായ തീരുമാനമെടുക്കാനാകുകയുള്ളൂ. |
| (ഡി) | റബ്ബർ വില അനുദിനം താഴുന്ന സ്ഥിതിയിൽ ബഹുഭൂരിപക്ഷം സ്വകാര്യ റബ്ബർ കർഷകർ റബ്ബർ ടാപ്പ് ചെയ്യാതെ വെറുതെ ഇട്ടിരിക്കുന്ന തോട്ടങ്ങൾ വ്യവസായ സംരംഭങ്ങൾക്കായി ഏറ്റെടുക്കാൻ കഴിയുമോ എന്ന് പരിശോധിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | വിഷയം സമഗ്രമായി പരിശോധിച്ചതിനുശേഷം മാത്രമെ അനുയോജ്യമായ തീരുമാനമെടുക്കാനാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ